**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** **07-12-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പ് ഏർപ്പെടുത്തുന്ന ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 14.03.1995 ലെ സ.ഉ (കൈ) 12/1995/വനം നമ്പർ ഉത്തരവ് പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. (അപകട മരണത്തിന് ഒരു ലക്ഷം രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് ഇരുപത്തി അയ്യായിരം രൂപയും ആശുപത്രി വാസത്തിന് അയ്യായിരം രൂപയും) പ്രസ്തുത ഇൻഷ്വറൻസിന്റെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 14.03.1995 ലെ സ.ഉ (കൈ) 12/1995/വനം നമ്പർ ഉത്തരവ് പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. (അപകട മരണത്തിന് ഒരു ലക്ഷം രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് ഇരുപത്തി അയ്യായിരം രൂപയും ആശുപത്രി വാസത്തിന് അയ്യായിരം രൂപയും) പ്രസ്തുത ഇൻഷ്വറൻസിന്റെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കാൻ ഇൻഷ്വറൻസ് കമ്പനി ഓഗസ്റ്റിൽ വനം വകുപ്പിന് കത്തയച്ചെങ്കിലും പ്രീമിയം തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരുന്നോ; എങ്കിൽ ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | പ്രീമിയം തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേയിടിട്ടുള്ളതും കേന്ദ്ര സർക്കാർ പദ്ധതി (PMJJVY) ഉപയുക്തമാക്കുവാൻ ടി വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി കേന്ദ്ര സർക്കാർ പദ്ധതിയിലെ ഗുണ ഭോക്താക്കളുടെ പ്രായപരിധി 18 വയസ്സ് മുതൽ 50 വയസ്സ് വരെ മാത്രമാണെന്നതും ഗുണഭോക്താക്കൾക്ക് ആശുപത്രി ചെലവുകൾക്ക് ടി പദ്ധതി കവറേജ് നൽകുന്നില്ല എന്നതും പോരായ്മകളായതിനാലും വനം വകുപ്പിന്റെ ഇൻഷ്വറൻസ് പ്രായപരിധിയില്ലാതെ കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആയതിനാലും ടി ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | | | പദ്ധതി വിപുലീകരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ ഗുണപ്രദമായ രീതിയിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരികയാണ്. |
| (ഡി) | പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ പുനഃരാരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രീമിയം തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേയിടിട്ടുള്ളതും കേന്ദ്ര സർക്കാർ പദ്ധതി (PMJJVY) ഉപയുക്തമാക്കുവാൻ ടി വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി കേന്ദ്ര സർക്കാർ പദ്ധതിയിലെ ഗുണ ഭോക്താക്കളുടെ പ്രായപരിധി 18 വയസ്സ് മുതൽ 50 വയസ്സ് വരെ മാത്രമാണെന്നതും ഗുണഭോക്താക്കൾക്ക് ആശുപത്രി ചെലവുകൾക്ക് ടി പദ്ധതി കവറേജ് നൽകുന്നില്ല എന്നതും പോരായ്മകളായതിനാലും വനം വകുപ്പിന്റെ ഇൻഷ്വറൻസ് പ്രായപരിധിയില്ലാതെ കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആയതിനാലും ടി ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ ഗുണപ്രദമായ രീതിയിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ